# പത്രക്കുറിപ്പ്

## ട്വന്റി-ട്വന്റി ക്രിക്കറ്റ്: ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ വൻ ക്രമീകരണങ്ങൾ

തിരുവനന്തപുരം: നവംബർ 7 ന് ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ വച്ച് നടക്കുന്ന ഇന്ത്യ-ന്യൂസ്‌ലാന്റ് ട്വന്റി-ട്വന്റി ക്രിക്കറ്റ് മത്സരത്തോടനുബന്ധിച്ച് സിറ്റി പോലീസ് ട്രാഫിക് ക്രമീകരണത്തിനായി മാത്രം 700 പോലീസ് ഉദ്യോഗസ്ഥരെ വിന്യസിപ്പിച്ചിട്ടുള്ളതായി സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു. ഇവരെക്കൂടാതെ ഒരു എസ്.പി യുടെ കീഴിൽ 4 അസിസ്റ്റന്റ് പോലീസ് കമ്മീഷണർ, 6 സർക്കിൾ ഇൻസ്പെക്ടർ, 30 സബ്ബ് ഇൻസ്പെക്ടർമാർ എന്നിവരും ട്രാഫിക് നിയന്ത്രണത്തിന് രംഗത്തുണ്ടാവും.

## ഗതാഗത നിയന്ത്രണം

ശ്രീകാര്യം മുതൽ കഴക്കൂട്ടം വരെ ദേശീയ പാതയിൽ ഒരു വാഹനവും പാർക്കു ചെയ്യാൻ അനുവദിക്കുന്നതല്ല. ഇതുകൂടാതെ കാര്യവട്ടം മുതൽ പുല്ലാനിവിള വരെയുള്ള റോഡിലും കാര്യവട്ടം മുസ്ലീം ജമാ-അത്ത് റോഡ് മുതൽ കുരിശടി വരെയുള്ള റോഡിലും അന്നേദിവസം പാർക്കിംഗ് അനുവദിക്കുന്നതല്ല. തിരുവനന്തപുരത്ത് നിന്നും കൊല്ലം ഭാഗത്തേയ്ക്ക് പോകുന്ന ഹെവി വെഹിക്കിൾസ് ഉൾപ്പെടെയുള്ള വാഹനങ്ങൾ ഉള്ളൂർ, ആക്കുളം, കുഴിവിള ബൈപാസ് വഴി പോകേണ്ടതാണ്. കൊല്ലത്തുനിന്നും തിരുവനന്തപുരം ഭാഗത്തേയ്ക്കുള്ള വാഹനങ്ങൾ വെട്ടുറോഡിൽ നിന്നും തിരിഞ്ഞ് കാട്ടായിക്കോണം, ചെമ്പഴന്തി, ശ്രീകാര്യം വഴി പോകേണ്ടതാണ്. സ്റ്റേഡിയത്തിലേയ്ക്ക് വരുന്നവരുടെ വാഹനങ്ങൾ ഉള്ളൂർ, ശ്രീകാര്യം, കാര്യവട്ടം വഴിയാണ് വരേണ്ടതെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

## മത്സരം കാണാൻ വരുന്നവർക്കുള്ള പാർക്കിംഗ്

ദേശീയപാതയിൽ നിന്നും സ്റ്റേഡിയത്തിലേയ്ക്ക് കാർപാസ്സ് ഉള്ളവരുടെ വാഹനങ്ങൾ മാത്രമെ കടത്തിവിടുകയുള്ളു. ബി.സി.സി.ഐ, കെ.സി.എ ഭാരവാഹികളുടെ വാഹനങ്ങൾ സ്റ്റേഡിയം ക്ലബ്ബ് ഹൗസിന് സമീപത്തായി പാർക്ക് ചെയ്യണം. കളി കാണാൻ വരുന്നവരുടെ കാറുകളും ചെറുവാഹനങ്ങളും കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാംപസ്, എൽ.എൻ.സി.പി മൈതാനം, കാര്യവട്ടം സർക്കാർ കോളേജ്, കാര്യവട്ടം ബി.എഡ് സെന്റർ എന്നിവിടങ്ങളിലാണ് പാർക്ക് ചെയ്യേണ്ടത്. ഇവിടെ പാർക്ക് ചെയ്യാൻ സാധിക്കാത്ത മറ്റു വാഹനങ്ങളും ബസുകളും കഴക്കൂട്ടത്തെ അൽ-സാജ് കൺവെൻഷൻ സെന്ററിലെ ഗ്രൗണ്ടിൽ പാർക്ക് ചെയ്യണം. ഇരുചക്രവാഹനങ്ങൾ സ്റ്റേഡിയത്തിന്റെ പടിഞ്ഞാറെ റോഡിലുള്ള മൂന്ന് ഗ്രൗണ്ടുകളിലായി പാർക്ക് ചെയ്യേണ്ടതാണ്. അധികമായി വരുന്ന വാഹനങ്ങൾ തെട്ടടുത്തുള്ള മുസ്ലീം പള്ളിയ്ക്ക് പുറകുവശത്തുള്ള താത്കാലിക ഗ്രൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണ്. കൂടാതെ ടെക്നോപാർക്കിന് പുറകുവശത്തുള്ള കാര്യവട്ടം ഹോസ്റ്റൽ ക്വാർട്ടേഴ്സ് റോഡിന്റെ ഒരുവശത്തും പാർക്ക് ചെയ്യാവുന്നതാണ്.

## മീഡിയ/പോലീസ് വാഹനങ്ങളുടെ പാർക്കിംഗ്

മീഡിയ/പോലീസ് വാഹനങ്ങൾ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ പാർക്കിംഗ് ഗ്രൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണെന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

5/11/17

ജില്ലാപോലീസ് മേധാവി
തിരുവനന്തപുരം സിറ്റി.

OFFICE OF THE DISTRICT POLICE CHIEF
Government of Kerala
THIRUVANANTHAPURAM CITY